ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 27.07.2024 TIME : 12.50 PM

പ്രധാന വാർത്തകൾ

## പ്രധാന വാർത്തകൾ

1. നിതി ആയോഗിന്റെ ഒമ്പതാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. പ്രധാനമന്ത്രി നരേന്ദ്ര മോദി യോഗത്തിൽ അധ്യക്ഷത വഹിക്കുന്നു.

   **Ninth Governing Council meeting of NITI Aayog begins in New Delhi. Prime Minister Narendra Modi is presiding over the meeting.**

2. ലോകമെങ്ങുമുള്ള കായിക പ്രേമികളുടെ ശ്രദ്ധ ഇനി രണ്ടാഴ്ചക്കാലം ഫ്രാൻസിലേക്ക്. 33-ാമത് ഒളിമ്പിക്സ് മേളയ്ക്ക് പാരീസിൽ വർണോജ്ജ്വല തുടക്കം.

   **The attention of sports fans around the world will turn to France for the next two weeks. The 33rd Olympic Games got off to a flamboyant start in Paris.**

3. പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി സംവദിക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ.

   **Prime Minister Narendra Modi's monthly radio talk program Man Ki Baat tomorrow.**

4. ഇന്ത്യയുടെ ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ ആഗോളതലത്തിലേക്ക് മാറുന്നുവെന്ന് കേന്ദ്ര മന്ത്രി ജിതിൻ പ്രസാദ.

**Union Minister Jitin Prasada says India's digital public infrastructure is going global.**

5. ഇന്ത്യ-ശ്രീലങ്ക ട്വന്റി-20 പരമ്പരയ്ക്ക് ഇന്ന് തുടക്കം. ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ- ശ്രീലങ്ക ഫൈനൽ നാളെ.

**India-Sri Lanka Twenty20 series starts today. Asia Cup Women's Twenty20 cricket India-Sri Lanka final tomorrow.**

******************************

## PM – GOVERNING COUNCIL

നിതി ആയോഗിന്റെ ഒമ്പതാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. പ്രധാനമന്ത്രി നരേന്ദ്ര മോദി യോഗത്തിൽ അധ്യക്ഷത വഹിക്കുന്നു.

ന്യൂഡൽഹിയിലെ രാഷ്ട്രപതിഭവൻ കൾച്ചറൽ സെന്ററിലാണ് യോഗം. ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് "വികസിത് ഭാരത്@2047" എന്നതാണ് യോഗത്തിന്റെ പ്രമേയം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള പങ്കാളിത്തത്തോടെയുള്ള ഭരണവും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രാമ-നഗര ജനസംഖ്യയുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമാണ് ഗവേണിംഗ് കൗൺസിൽ യോഗം ലക്ഷ്യമിടുന്നതെന്ന് നിതി ആയോഗ് വ്യക്തമാക്കി. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ സംസ്ഥാനങ്ങളുടെ പങ്കിനെക്കുറിച്ചുള്ള വിശദമായ ചർച്ചകളും യോഗത്തിൽ ഉൾപ്പെടും.

******************************

## **PARIS-OLYMPICS (INTRO)**

ലോകമെങ്ങുമുള്ള കായിക പ്രേമികളുടെ ശ്രദ്ധ ഇനി രണ്ടാഴ്ചക്കാലം ഫ്രാൻസിലേക്ക്. ലോകത്തെ ഏറ്റവും മികച്ച കായിക പ്രതിഭകൾ മാറ്റുരയ്ക്കുന്ന ഒളിമ്പിക്സ് മത്സരങ്ങൾക്ക് ഫ്രാൻസ് തലസ്ഥാനമായ പാരീസിൽ തുടക്കമായി. കണ്ണിനും കാതിനും കുളിർമയേകുന്ന

ദൃശ്യപൊലിമയോടെയാണ് 33-ാമത് ഒളിമ്പിക്സിന് ഇന്നലെ അർധരാത്രിയിൽ തിരിതെളിഞ്ഞത്. തുല്യ എണ്ണം സ്ത്രീകളും പുരുഷന്മാരും മത്സരിക്കുന്നതിനാൽ, ചരിത്രത്തിലെ ആദ്യത്തെ ലിംഗസമത്വ ഒളിമ്പിക് ഗെയിംസായിരിക്കും പാരീസ് 2024. 100 വർഷത്തിന് ശേഷമാണ് ഒളിമ്പിക് ഗെയിംസ് പാരിസിൽ തിരിച്ചെത്തുന്നത്.

വിശദാംശങ്ങളിലേക്ക്..

PARIS-OLYMPICS (VOICE)

ഉദ്ഘാടന ചടങ്ങിൽ സെൻ നദിയിലൂടെയുള്ള ഒളിമ്പിക്സ് സംഘങ്ങളുടെ പരേഡിൽ ഒളിമ്പിക് ദീപം വഹിച്ചത് ഫുട്ബോൾ ഇതിഹാസം സിനദിൻ സിദാൻ, നടി സൽമ ഹയക്, റാപ്പർ സ്നൂപ് ഡോഗ് എന്നിവരടങ്ങിയ താരനിരയാണ്. 90-ലേറെ ബോട്ടുകളിലായി 200 ലധികം രാജ്യങ്ങളിൽ നിന്ന് പതിനായിരത്തിലേറെ കായിക താരങ്ങളാണ് സെൻ നദിയിലെത്തിയത്. നദിയിലെ പരേഡിനും സംഗീത നൃത്ത പരിപാടികൾക്കും പുറമെ പ്രശസ്ത അമേരിക്കൻ ഗായിക ലേഡി ഗാഗയുടെ സംഗീതപരിപാടി ഒളിമ്പിക്സ് ഉദ്ഘാടനത്തിന്റെ ആവേശം ഇരട്ടിയാക്കി. ചടങ്ങിൽ മുഴങ്ങിയ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ഫ്രഞ്ച് മുദ്രാവാക്യം ദേശഭേദമന്യേ ജനഹൃദയങ്ങൾ ഏറ്റെടുത്തു . 117 അത്‌ലറ്റുകൾ അടങ്ങുന്ന ഇന്ത്യൻ സംഘം കാണികൾക്കിടയിൽ നിന്ന് വലിയ ഹർഷാരവങ്ങളോടെയാണ് ചടങ്ങിൽ സാന്നിധ്യമറിയിച്ചത്. 2

തവണ ഒളിമ്പിക്സ് മെഡൽ ജേതാവായ പിവി സിന്ധുവും ടേബിൾ ടെന്നീസ് ഇതിഹാസം ശരത് കമലും രാജ്യത്തിൻറെ പതാകവാഹകരായിരുന്നു. ലോകകപ്പ് ജേതാവും മുൻ ഫ്രാൻസ് ഫുട്ബോൾ ക്യാപ്റ്റനുമായ സിനദീൻ സിദാൻ, സ്പാനിഷ് ടെന്നീസ് ഇതിഹാസം റാഫേൽ നദാലിന് ദീപം കൈമാറിയപ്പോൾ നൂറ് വർഷത്തിന് ശേഷം പാരിസിൽ നടന്ന ചരിത്ര നിമിഷങ്ങൾക്കായിരുന്നു ജനം സാക്ഷിയായത്. ചരിത്രത്തിൽ ആദ്യമായാണ് തുറന്നവേദിയിൽ ഒളിമ്പിക്സിന്റെ ഉദ്ഘാടനം നടക്കുന്നത്.

ന്യൂസ് ഡെസ്ക് ആകാശവാണി.

**************************

## PM-PARIS OLYMPICS

പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ കായിക സംഘത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. ഓരോ കായികതാരവും ഇന്ത്യയുടെ അഭിമാനമാണെന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. എല്ലാവരും ഒളിമ്പിക്സിൽ തിളങ്ങുകയും കായികക്ഷമതയുടെ യഥാർത്ഥ ചൈതന്യം ഉൾക്കൊള്ളുകയും ചെയ്യുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

***************************

## Digital Public Infrastructure

ഇന്ത്യയുടെ ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ ആഗോളതലത്തിലേക്ക് മാറുന്നുവെന്ന് കേന്ദ്ര ഇലക്ട്രോണിക്, ഐടി സഹമന്ത്രി ജിതിൻ പ്രസാദ പറഞ്ഞു. ദശലക്ഷക്കണക്കിന് ജീവിതങ്ങളെ മാറ്റിമറിച്ച ഇന്ത്യയുടെ ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ ഇപ്പോൾ പല രാജ്യങ്ങളും അനുകരിക്കുകയാണ്. ലോകത്തിലെ ഏറ്റവും വലിയ ഡിജിറ്റൽ തിരിച്ചറിയൽ സംവിധാനമായ ആധാർ ഇതുവരെ 138.04 കോടി

ജനങ്ങൾക്ക് നൽകി കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു.
യുപിഐ വഴി ജൂണിൽ മാത്രം 1,388 കോടിയിലധികം സാമ്പത്തിക ഇടപാടുകൾ നടന്നതായി മന്ത്രി രാജ്യസഭയെ
അറിയിച്ചു.കൂടാതെ, ജനസംഖ്യാമേഖലയിൽ നടപ്പിലാക്കി
വിജയിച്ച ഡിജിറ്റൽ സൊല്യൂഷനുകൾ 10
രാജ്യങ്ങളുമായിപങ്കിടുന്നതിനുള്ള ധാരണാപത്രങ്ങളിൽ ഇന്ത്യ ഒപ്പുവച്ചു. അതേസമയം, ആർബിഐയുടെ ഡിജിറ്റൽ പേയ്മെൻ്റ് സൂചികയിൽ രാജ്യത്തെ ഡിജിറ്റൽ
പേയ്മെൻ്റുകൾ പ്രതിവർഷം 12.6 ശതമാനം
വർധിക്കുന്നതായി ആർബിഐ റിപ്പോർട്ട് വ്യക്തമാക്കുന്നു.

*****************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി സംവദിക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി
ബാത് നാളെ രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻ്റെ 112-ാം പതിപ്പാണിത്. ദൂരദർശൻ്റെയും ആകാശവാണിയുടെയും
എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും.
തുടർന്ന് പ്രാദേശിക പരിഭാഷയും ഉണ്ടായിരിക്കും.

*****************************

## PM HM- CRPF RAISING DAY

സിആർപിഎഫിൻ്റെ സ്ഥാപക ദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി സേനയ്ക്ക് ആശംസകൾ നേർന്നു.
സിആർപിഎഫിൻ്റെ അർപ്പണബോധവും
രാജ്യത്തിനായുള്ള സേവനവും ശ്ലാഘനീയമാണെന്ന് പ്രധാനമന്ത്രി
സമൂഹ മാധ്യമകുറിപ്പിൽ പറഞ്ഞു. ധീരതയുടെയും
പ്രതിബദ്ധതയുടെയും മാതൃകയായ CRPF രാജ്യത്തെ സുരക്ഷിതമായി നിലനിർത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.
ആഭ്യന്തരമന്ത്രി അമിത് ഷായും സിആർപിഎഫിൻ്റെ ശ്രമങ്ങളെ
അഭിനന്ദിക്കുകയും സേനാംഗങ്ങൾക്ക് ആശംസകൾ
നേരുകയും ചെയ്തു.

******************************

## APJ ABDUL KALAM

മുൻ രാഷ്ട്രപതി എപിജെ അബ്ദുൾ കലാമിന്റെ ഓർമ്മകൾക്ക് ഇന്ന് ഒമ്പതാണ്ട്. സ്വപ്നം കാണാൻ യുവതയോട് ആഹ്വാനം ചെയ്ത, എക്കാലത്തെയും ജനകീയ രാഷ്ട്രപതിയായിരുന്നു അവുൾ പക്കീർ ജൈനുലബ്ദീൻ അബ്ദുൾ കലാം എന്ന എപിജെ അബ്ദുൾ കലാം. ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതിയായിരുന്നു അദ്ദേഹം. മിസൈൽ സാങ്കേതിക വിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ പരിഗണിച്ച മിസൈൽ മാൻ ഓഫ് ഇന്ത്യ എന്നും അബ്ദുൾ കലാം അറിയപ്പെട്ടു. 2015 ൽ ആയിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

******************************

## CRICKET- IND VS SL

മൂന്ന് മത്സരങ്ങളുള്ള ടി20 പരമ്പരയുടെ ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. ശ്രീലങ്കയിലെ പല്ലേക്കെലെ അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകിട്ട് 7 നാണ് മത്സരം.

******************************

## WOMEN S ASIA CUP

ഏഷ്യാ കപ്പ് - വനിതാ ടി-20 ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ നാളെ ശ്രീലങ്കയെ നേരിടും. ഇന്നലെ നടന്ന ആദ്യ സെമി ഫൈനലിൽ ഇന്ത്യ, ബംഗ്ലാദേശിനെയും രണ്ടാം സെമിയിൽ ശ്രീലങ്ക, പാക്കിസ്ഥാനെയും തോൽപ്പിച്ചിരുന്നു. നാളെ വൈകിട്ട് മൂന്നു മണിക്ക് ശ്രീലങ്കയിലെ ധാംബുള്ളയിലാണ് ഫൈനൽ മത്സരം.

******************************

## PARIS OLYMPICS -SCHEDULE

പാരീസ് ഒളിമ്പിക്സിൽ ആദ്യ ദിനമായ ഇന്ന് വിവിധ ഇനങ്ങളിൽ ഇന്ത്യൻ താരങ്ങൾ മാറ്റുരയ്ക്കും. ടെന്നീസിൽ പുരുഷന്മാരുടെ ഡബിൾസ് ആദ്യ റൗണ്ട് മത്സരത്തിൽ ഇന്ത്യൻ താരങ്ങളായ

രോഹൻ ബൊപ്പണ്ണ-ശ്രീറാം ബാലാജി സഖ്യം ഫ്രഞ്ച് ജോഡികളായ ഫാബിയൻ റെബൗൾ-എഡ്വാർഡ് റോജർ-വാസലിൻ എന്നിവരെ നേരിടും.
ബാഡ്മിൻ്റണിൽ, പുരുഷ വിഭാഗം സിംഗിൾസ് ഗ്രൂപ്പ് സ്റ്റേജ് മത്സരത്തിൽ ലക്ഷ്യ സെൻ, കെവിൻ കോർഡനെ നേരിടും. പുരുഷ ഡബിൾസ് വിഭാഗത്തിൽ, ഇന്ത്യയുടെ മുൻനിര ജോഡികളായ സാത്വിക്സായിരാജ് റാങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യവും വനിതാ ഡബിൾസ് വിഭാഗത്തിൽ അശ്വിനി പൊന്നപ്പയും തനിഷ ക്രാസ്റ്റോയും മത്സരിക്കും.

******************************

## KUPWARA ENCOUNTER

ജമ്മു കാശ്മീരിലെ കുപ്‌വാര ജില്ലയിൽ ഇന്ത്യൻ സൈന്യം അജ്ഞാത സംഘവുമായി ഏറ്റുമുട്ടി. നിയന്ത്രണ രേഖയ്ക്ക് സമീപം കാംകാരി മച്ചൽ സെക്ടറിൽ ഉണ്ടായ വെടിവയ്പ്പിൽ രണ്ട് സൈനികർക്ക് പരിക്കേറ്റതായും ഒരു പാക് പൗരൻ കൊല്ലപ്പെട്ടതായും അധികൃതർ അറിയിച്ചു. പ്രദേശത്ത് സൈനിക നീക്കം തുടരുകയാണ്.

******************************

## KAMALA HARRIS CANDIDATURE

യുഎസ് വൈസ് പ്രസിഡൻ്റ് കമലാ ഹാരിസ് യുഎസ് പ്രസിഡൻ്റ് തെരഞ്ഞെടുപ്പിൽ തൻ്റെ സ്ഥാനാർത്ഥിത്വം ഔദ്യോഗികമായി പ്രഖ്യാപിച്ചു. നവംബറിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ ഓരോ വോട്ടും നേടാൻ താൻ കഠിനാധ്വാനം ചെയ്യുമെന്നും അവർ പറഞ്ഞു.
ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയായാണ് കമലാ ഹാരിസ് മത്സരിക്കുന്നത്. ജോ ബൈഡൻ മത്സരത്തിൽ നിന്ന് പിന്മാറിയതിനു ശേഷം മുൻ യുഎസ് പ്രസിഡൻ്റ് ബരാക് ഒബാമയും യുഎസ് പ്രസിഡൻ്റ് സ്ഥാനത്തേക്ക് ഹാരിസിനെ പരസ്യമായി അംഗീകരിച്ചു. തെരഞ്ഞെടുപ്പിൽ കമല ഹാരിസ് വിജയിക്കുമെന്ന് ഉറപ്പാക്കാൻ താനും മുൻ യുഎസ് പ്രഥമ വനിത മിഷേൽ ഒബാമയും തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുമെന്ന് ഒബാമ പറഞ്ഞു.

*****************************

## ALL PARTY MEETING

മാലിന്യമുക്തം നവകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ സർവ്വകക്ഷിയോഗം ഇന്ന്. വൈകുന്നേരം 3.30ന് തിരുവനന്തപുരത്താണ് യോഗം. ജനകീയ ക്യാമ്പയിനായി മാലിന്യമുക്ത പരിപാടി ഏറ്റെടുക്കാനാണ് ആലോചിക്കുന്നത്.

*****************************

## YEMEN-AIR STRIKES

യെമനിൽ, ഹൊദൈദ പ്രവിശ്യയിൽ യുഎസ്-ബ്രിട്ടീഷ് സഖ്യം ഇന്നലെ നാല് വ്യോമാക്രമണങ്ങൾ നടത്തിയതായി റിപ്പോർട്ട്. ഹൂതി നിയന്ത്രണത്തിലുള്ള അൽ മസീറയാണ് ഇത് സംബന്ധിച്ച വാർത്ത പുറത്ത് വിട്ടിരിക്കുന്നത്. പ്രവിശ്യയുടെ വടക്കുപടിഞ്ഞാറ് ഭാഗത്ത് അല്ലുഹയയിലെ ചെങ്കടൽ തീരദേശ ജില്ലയിലാണ് ആക്രമണമുണ്ടായത്. വ്യോമാക്രമണത്തെക്കുറിച്ച് യുഎസ്-ബ്രിട്ടീഷ് സഖ്യം ഇതുവരെ പ്രതികരിച്ചിട്ടില്ല.

*****************************

## INDIA - ADPC

ഏഷ്യൻ ഡിസാസ്റ്റർ പ്രിപ്പാർഡ്നെസ് സെൻ്ററിൻ്റെ അധ്യക്ഷ സ്ഥാനമേറ്റെടുത്ത് ഇന്ത്യ. ഏഷ്യയിലും പസഫിക് മേഖലയിലും ദുരന്തസാധ്യത കുറയ്ക്കുന്നതിനും കാലാവസ്ഥാ പ്രതിരോധം കെട്ടിപ്പടുക്കുന്നതിനുമുള്ള സഹകരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്വയംഭരണാധികാരമുള്ള അന്താരാഷ്ട്ര സംഘടനയാണ് എഡിപിസിയെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. തായ്‌ലൻഡിലെ ബാങ്കോക്കിൽ നടന്ന ചടങ്ങിൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റി അംഗമായ രാജേന്ദ്ര സിംഗ് ചൈനയിൽ നിന്നും എഡിപിസിയുടെ ഈ വർഷത്തെ അധ്യക്ഷ സ്ഥാനം ഏറ്റെടുത്തു.

*****************************

## JAISHANKAR-FMs

ലാവോസിലെ വിയൻറ്റൈനിൽ വിദേശകാര്യമന്ത്രി എസ്.ജയശങ്കർ ദക്ഷിണ കൊറിയ, സിംഗപ്പൂർ, ഇന്തോനേഷ്യ,

മലേഷ്യ വിദേശകാര്യമന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തി.

ആസിയാൻ സഹകരണ സംഘടനയുടെ നേതൃത്വത്തിൽ നടക്കുന്ന വിദേശകാര്യമന്ത്രിമാരുടെ യോഗത്തിന്റെ ഭാഗമായാണ് കൂടിക്കാഴ്ച.

****************************

****************

*******